C2/26429/2023/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 05.07.2023

**പരിപത്രം**

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - അനധ്യാപക ജീവനക്കാര്യം - എസ്റ്റാബ്ലിഷ്മെന്റ് - നിരീക്ഷണകാലം പൂർത്തീകരിക്കുന്നതിനുള്ള യോഗ്യതയിൽ വ്യക്തത നൽകുന്നത് സംബന്ധിച്ച്

സൂചന :- 1.സ. ഉ.(പി ) നം.13/2016/ഉ ഭ പ വ തീയതി.14/06/2016
2.സ. ഉ(പി ) നം.14/2022/ഉ ഭ പ വ തീയതി.26/10/2022
3.സ. ഉ(അച്ചടി) നം.8/2023/ഉ ഭ പ വ തീയതി. 05/05/2023

*********

സൂചന സർക്കാർ ഉത്തരവ് കണ്ടാലും. കേരള സംസ്ഥാന സർവ്വീസുകളിലെ 26.10.2022 ന ശേഷം സേവനത്തിൽ പ്രവേശിച്ച ക്ലാർക്ക് തസ്തികയിലെ ജീവനക്കാർക്ക് പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് നേരെത്തെ നിശ്ചയിച്ചിരുന്ന യോഗ്യതകൾക്കു പുറമെ മലയാളത്തിൽ മിനുട്ടിൽ 15 വാക്കും ഇംഗ്ലീഷിൽ മിനുട്ടിൽ 20 വാക്കും വേഗതയോടെ കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗ് (മലയാളം & ഇംഗ്ലീഷ് )സഹിതമുള്ള കമ്പ്യൂട്ടർ പരിജ്ഞാനം അധിക യോഗ്യത നിർബന്ധമാക്കിക്കൊണ്ടും സൂചന 2 സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ KGTE Typewriting(Lower) with computer word processing (Malayalam and English) യോഗ്യത യുള്ളവർക്ക് മേൽ യോഗ്യത ബാധകമാക്കേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്.

26.10.2022 ന മുൻപ് സർവ്വീസിൽ പ്രവേശിച്ച് പ്രൊബേഷൻ പൂർത്തിയാക്കുകയും മറ്റുതരത്തിൽ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിനാവശ്യമായ യോഗ്യത നേടുകയും ചെയ്തിട്ടുള്ള ജീവനക്കാരുടെ കാര്യത്തിൽ ടി സർക്കാർ ഉത്തരവ് ബാധകമല്ല എന്നും കൂടാതെ 26.10.2022 ന മുൻപ് സർവ്വീസിൽ പ്രവേശിക്കുകയും നിലവിൽ പ്രൊബേഷണറായി തുടരുകയും ചെയ്യുന്ന ജീവനക്കാരെ പ്രസ്തുത യോഗ്യത നേടുന്നതിൽ നിന്ന് ഒഴിവാക്കുകയും മറ്റു തെരത്തിൽ അർഹരാണെങ്കിൽ അവർ പ്രൊബേഷൻ പൂർത്തിയാക്കിയതായി പ്രഖ്യാപിക്കേണ്ടതുമാണ് എന്നും ടി ജീവനക്കാർ കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗ് / KGTE/ തത്തുല്യ യോഗ്യത നേടിയിട്ടില്ലാത്തപക്ഷം അവർക്ക് ഐ എം ജി / ഐ ടി സെൽ വകുപ്പ് / ജില്ലാ ഐ ടി സെൽ മുഖേന in service training നൽകേണ്ടതുമാണെന്നും സൂചന 3 പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വകുപ്പിൽ നിലവിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് in service training നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി 26.10.2022 ന മുൻപ് ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും നിലവിലെ പ്രൊബേഷണറായി തുടരുകയും ചെയ്യുന്ന ജീവനക്കാരിൽ മുകളിൽ സൂചിപ്പിച്ച നിശ്ചിത യോഗ്യത അല്ലെങ്കിൽ in service training ലഭിക്കാത്ത / നേടാത്ത ജീവനക്കാരുടെ പേര് വിവരങ്ങൾ സ്ഥാപനമേധാവി ഫോൺ നമ്പർ സഹിതം ഈ കാര്യാലയത്തിലേക്ക് അറിയിക്കേണ്ടതാണ്. ക്ലാർക്ക് തസ്തികയിലെ ജീവനക്കാരുടെ നിരീക്ഷണ കാലം ഡിക്ലയർ ചെയ്യുന്നതിനുള്ള പ്രൊപോസൽ സമർപ്പിക്കുമ്പോൾ ടി വിവരങ്ങൾ പ്രത്യകം രേഖപെടുത്തേണ്ടതാണ്.

# Approval Valid

Digitally Approved By
അസീം എ
Date: 05.07.2023
Reason: Approved

*ഒപ്പ്/-*
**അസീം എ**
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-

1.എല്ലാ സ്ഥാപന മേധാവികളും

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്—ജീവനക്കാര്യം—26.10.2022 തീയതിയിലെ സ.ഉ. (പി) 14/2022/ഉ.ഭ.പ.വ. നമ്പർ ഉത്തരവ് - അവ്യക്തതകൾ - സ്പഷ്ടീകരണം നൽകി ഉത്തരവാകുന്നു

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്**

സ.ഉ.(അച്ചടി) നം.8/2023/ഉ.ഭ.പ.വ. തീയതി, തിരുവനന്തപുരം, 05-05-2023

പരാമർശം:— 1. സ.ഉ. (പി) നം. 13/2016/ഉ.ഭ.പ.വ. തീയതി: 14/06/2016.

2. സ.ഉ. (പി) നം. 14/2022/ഉ.ഭ.പ.വ. തീയതി: 26/10/2022.

3. ഡയറക്ടർ ജനറൽ, കിലയുടെ 23/11/2022-ലെ 2022/7121/HQ നമ്പർ കത്ത്.

4. അഡ്വക്കേറ്റ് ജനറൽ, കേരളയുടെ 23/11/2022-ലെ എഡിഎ 1/48530/2022 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവീസുൾപ്പെടെയുള്ള സംസ്ഥാന സർവീസുകളിലെ അസിസ്റ്റന്റ്, ക്ലർക്ക് തുടങ്ങിയ തസ്തികകളിൽ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കുന്നതിനായി നേരത്തെ നിശ്ചയിച്ചിരുന്ന യോഗ്യതകൾക്കു പുറമേ മലയാളത്തിൽ മിനിട്ടിൽ 15 വാക്കും ഇംഗ്ലീഷിൽ മിനിട്ടിൽ 20 വാക്കും വേഗതയോടെ കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിങ്ങ് ( മലയാളം & ഇംഗ്ലീഷ് ) സഹിതമുള്ള കമ്പ്യൂട്ടർ പരിജ്ഞാനം അധിക യോഗ്യതയാക്കിക്കൊണ്ടും, KGTE Typewriting (Lower) with computer word processing (Malayalam and English) യോഗ്യത കരസ്ഥമാക്കിയിട്ടുള്ള ജീവനക്കാർക്ക് മേൽ യോഗ്യത ബാധകമാക്കേണ്ടതില്ലായെന്നും ജീവനക്കാർ പ്രൊബേഷൻ പ്രഖ്യാപിക്കുന്ന വേളയിൽ ടിയാൻ പ്രസ്തുത യോഗ്യത നേടിയിട്ടുണ്ടെന്ന് നിയമനാധികാരി ഉറപ്പുവരുത്തണമെന്നും നിഷ്കർഷിച്ച് പരാമർശം (2) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) പരാമർശം (2) ഉത്തരവിലെ ചില അവ്യക്തതകൾ ദൂരീകരിക്കുന്നതിനു ചുവടെ ചേർത്തിട്ടുള്ള സ്പഷ്ടീകരണം നൽകി ഉത്തരവാകുന്നു.

i. 26/10/2022-ന് മുമ്പ് സർവീസിൽ പ്രവേശിച്ച് പ്രൊബേഷൻ പൂർത്തിയാക്കുകയും /

മറ്റുതരത്തിൽ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിനാവശ്യമായ യോഗ്യതകൾ നേടുകയും ചെയ്തിട്ടുള്ള ജീവനക്കാരുടെ കാര്യത്തിൽ പരാമർശം (2) ഉത്തരവിലെ വ്യവസ്ഥകൾ ബാധകമല്ല.

ii. കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ്/ KGTE Typewriting (Lower) with computer word processing (Malayalam and English)-ന് തത്തുല്യമായി സർക്കാർ അംഗീകരിച്ചിട്ടുള്ള മറ്റ് യോഗ്യതകൾ നേടിയിട്ടുള്ള ജീവനക്കാരെയും പരാമർശം (2) ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

iii. ക്ലർക്ക്/അസിസ്റ്റന്റ് തുടങ്ങിയ സമാന എൻട്രി ലെവൽ തസ്തികകളിൽ 26/10/2022 ന് മുമ്പ് സർവീസിൽ പ്രവേശിക്കുകയും പ്രൊബേഷണർമാരായി തുടരുകയും ചെയ്യുന്ന ജീവനക്കാരെ പ്രസ്തുത യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കേണ്ടതും മറ്റുതരത്തിൽ അർഹരാണെങ്കിൽ അവർ പ്രൊബേഷൻ പൂർത്തിയാക്കിയതായി പ്രഖ്യാപിക്കേണ്ടതുമാണ്. ടി ജീവനക്കാർ കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ്/ KGTE/തത്തുല്യ യോഗ്യത നേടിയിട്ടില്ലാത്തപക്ഷം അവർക്ക് ഐ.എം.ജി./ ഐ.റ്റി. സെൽ വകുപ്പ് /ജില്ലാ ഐ ടി സെൽ മുഖേന in service training നൽകേണ്ടതും, ടി വിവരം ജീവനക്കാരന്റെ സർവീസ് രേഖകളിൽ ചേർക്കേണ്ടതുമാണ്.

iv. പരാമർശം (2) ഉത്തരവിലെ യോഗ്യത ഉൾപ്പെടുത്തി വിശേഷാൽ ചട്ടത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് വകുപ്പുകൾ 30.06.2023-ന് മുൻപ് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രാജീവൻ എ പി**
**ജോയിന്റ് സെക്രട്ടറി**

എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും/
എല്ലാ ജില്ലാ കളക്ടർമാർക്കും.
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും.
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/
സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/
ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ ഡ്യൂട്ടി ഓഫീസർക്ക്.
പൊതുഭരണ (സർവീസസ്) വകുപ്പ്.
ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-എ, ബി, സി) വകുപ്പുകൾ.
വിവര പൊതുജനസമ്പർക്ക (Web & New Media) വകുപ്പ് [പ്രചാരണത്തിന്].
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ